## 1072

1 എന്നു വന്നിടുമോ എൻ വിന തീർക്കുവാൻ
എൻപേർക്കുയിർ തന്ന നാഥാ
ഈ മരുഭൂവിലെ വാസമെനിക്കേതും യോഗ്യമല്ലെൻ പ്രിയനേ (2)-

2 സ്വർലോകം വിട്ടെന്നെ തേടി ധരയിതിൽ വന്നവനാണെന്റെ പ്രിയൻ
മന്നിതിൽ നിന്നെന്നെ ഉന്നതേ ചേർക്കുവാൻ
നിന്ദിതനായ് തീർന്ന നാഥൻ-

3 അക്കരെയാണെന്റെ പ്രിയനെന്നാകിലും എപ്പോഴും എൻകഥയോർക്കും
എന്നിങ്ങു വന്നിടും ഒന്നിച്ചിരുന്നിടും അന്നെന്റെ വേദനമാറും-

4 പാരിൽ പരദേശിയായി ഞാൻ പ്രിയന്റെ സ്നേഹക്കൊടിക്കീഴിൽ മേവും
പാരിടവാസം വെടിഞ്ഞിടും നേരത്തിൽ
എൻപ്രിയൻ മാറിൽ ഞാൻ ചായും-

**T.J.T.**